ഗവൺമെൻറ്റ് ഓഫ് ഇന്ത്യ

അറ്റോമിക് എനർജി ക്രൈസിസ് മാനേജ്മെൻറ്റ് ഗ്രൂപ്പ്

# പൊതു മണ്ഡലത്തിലെ റേഡിയോ ആക്ടീവ് മെറ്റീരിയലിൻ്റെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പൊതു ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ജനുവരി 2023

## മുഖവുര

ഈ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുഇടങ്ങളിൽ റേഡിയോ ആക്ടീവ് വസ്തുക്കളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ സാഹചര്യങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്ന പൊതു ഉദ്യോഗസ്ഥരുടെ (DAE ഉദ്യോഗസ്ഥർ ഒഴികെയുള്ളവർ) അറിവിലേക്കും ഉപയോഗത്തിനും വേണ്ടിയാണ്. റേഡിയോ ആക്ടിവിറ്റിയുടെ ദോഷകരമായ ഫലങ്ങളിൽ നിന്ന് പൊതുജനങ്ങളുടെയും പരിസ്ഥിതിയുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും റേഡിയോ ആക്ടീവ് വസ്തുക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതായ അവശ്യനടപടികൾ ഈ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അറിവുകൾക്കായി Department of Atomic Energy (DAE) [www.dae.gov.in], Atomic Energy Regulatory Board (AERB) [www.aerb.gov.in] എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

ഈ പ്രമാണത്തെ സംബന്ധിച്ച ചോദ്യങ്ങളോ കൂടുതൽ വ്യക്തത ആവശ്യമെങ്കിൽ ഈ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

**മെമ്പർ സെക്രട്ടറി,**

**ക്രൈസിസ് മാനേജ്മെൻ്റ് ഗ്രൂപ്പ്,**

**ഡിപ്പാർട്ട്മെൻ്റ് ഓഫ് ആറ്റോമിക് എനർജി,അനുശക്തി ഭവൻ,**

**C.S.M മാർഗ്, മുംബൈ - 400 001.**

**ഇ-മെയിൽ: cmadae@dae.gov.in**

**Ph: 022-22862718/Mob: 0702306306**

**<u>പൊതുസഞ്ചയത്തിലെ റേഡിയോ ആക്ടീവ് മെറ്റീരിയലിൻ്റെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടതോ സംശയിക്കപ്പെടുന്നതോ ആയ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പൊതു ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>**

1. ആമുഖം

റേഡിയോ ആക്ടീവ് മെറ്റീരിയലുകൾ (റേഡിയോ ഐസോടോപ്പുകൾ) രാജ്യത്ത് കൃഷി, മെഡിക്കൽ ഡയഗ്നോസിസ്, തെറാപ്പി, വ്യവസായത്തിലെ നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ്, ഡിപ്പാർട്ട്മെൻ്റ് ഓഫ് ആറ്റോമിക് എനർജി (ഡിഎഇ), വിവിധ ഗവേഷണ ആപ്ലിക്കേഷനുകൾ എന്നീ മേഖലകളിലെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ആറ്റോമിക് എനർജി ആക്ടിലെ (1962) വ്യവസ്ഥകളും അതിൽ രൂപപ്പെടുത്തിയിരിക്കുന്ന നിയമങ്ങളും പാലിച്ചുകൊണ്ടാണ് രാജ്യത്ത് റേഡിയോ ആക്ടീവ് പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നത്. പൊതുസഞ്ചയത്തിൽ അതിൻ്റെ വിന്യാസം സുരക്ഷിതവും നിയന്ത്രിതവുമായ രീതിയിൽ നടത്തപ്പെടുന്നു. മുകളിൽ സൂചിപ്പിച്ച ഉപയോഗങ്ങൾക്കുള്ള റേഡിയോ ആക്ടീവ് മെറ്റീരിയലുകളുടെ ആവശ്യകത പ്രധാനമായും വിതരണം ചെയ്യുന്നത് ഡിഎഇയുടെ ഘടക യൂണിറ്റായ ബോർഡ് ഓഫ് റേഡിയേഷൻ ആൻഡ് ഐസോടോപ്പ് ടെക്നോളജി (BRIT), മുംബൈ ആണ്, ആവശ്യകതയ്ക്ക് അനുസരിച്ചു ഇത്തരം വസ്തുക്കൾ ഇറക്കുമതിയും ചെയ്യേണ്ടതായി വരാറുണ്ട്. ഈ സാമഗ്രികൾ റോഡ്/റെയിൽ/വിമാനം/കടൽ വഴി രാജ്യത്തുടനീളമുള്ള ഉപയോക്താക്കളിലേക്കും തിരിച്ചും എത്തിക്കുകയാണ് ചെയ്യാറുള്ളത്. മുകളിൽ സൂചിപ്പിച്ച റേഡിയോ ഐസോടോപ്പുകൾക്ക് പുറമെ , ന്യൂക്ലിയർ റിയാക്ടർ ഇന്ധനം പോലെയുള്ള മറ്റ് ന്യൂക്ലിയർ മെറ്റീരിയലുകളും വ്യാപകമായി ഉപയോഗിച്ചു വരുന്നു, ഇതിനായി പ്രത്യേകം തയ്യാറാക്കിയ  അംഗീകൃത മാർഗരേഖകൾ (SOPs) ഉപയോഗിച്ചാണ് ഉപയോഗവും കൈകാര്യം ഉറപ്പു വരുത്തുന്നത്. റേഡിയോ ആക്ടീവ് മെറ്റീരിയൽ ഉള്ള ഏതൊരു ചരക്കും ട്രാൻസ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ താഴെ കാണിച്ചിരിക്കുന്നതുപോലെ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ചിഹ്നം നിർബന്ധമായുംപ്രദർശിപ്പിക്കണം.




ഗതാഗത സമയത്ത് റേഡിയോ ആക്ടീവ് മെറ്റീരിയലിൻ്റെ ഓരോ ചരക്കിലും ഒരു ട്രാൻസ്പോർട്ട് എമർജൻസി കാർഡ് (TREM കാർഡ്) ഉണ്ടായിരിക്കും, പ്രസ്തുത കാർഡിൽ ഗതാഗത സമയത്ത് അടിയന്തിര സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ സ്വീകരിക്കേണ്ട പ്രാഥമിക നടപടികൾ പട്ടികപ്പെടുത്തുന്നു. ഒരു സാധാരണ TREM കാർഡ് റഫറൻസിനായി (Annexure A) ആയി നൽകിയിരിക്കുന്നു.

വ്യാവസായിക, മെഡിക്കൽ, ഗവേഷണ രംഗത്ത് റേഡിയോ ആക്ടീവ് വസ്തുക്കളുടെ ഉപയോഗം വർധിച്ചതോടെ ഇത്തരം വസ്തുക്കളുടെ അനധികൃതമായ ചരക്കുകളുടെ ഗതാഗതം,അശ്രദ്ധമായ പ്രവർത്തനങ്ങൾ, നിയന്ത്രണമില്ലാതെ പൊതുസഞ്ചയത്തിൽ റേഡിയോ ആക്ടീവ് വസ്തുക്കൾ കാണാൻ തുടങ്ങി.

ഡിപ്പാർട്ട്മെൻ്റ് ഓഫ് അറ്റോമിക് എനർജി (ഡിഎഇ), ആഭ്യന്തര മന്ത്രാലയം (എംഎച്ച്എ) എന്നീ മന്ത്രാലയങ്ങളാണ് റേഡിയോ ആക്റ്റീവ് മെറ്റീരിയലുകളുമായി ബന്ധപ്പെട്ട അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ വകുപ്പുകൾ. അതേസമയം, പൊതുസഞ്ചയത്തിൽ റേഡിയോളജിക്കൽ അടിയന്തരാവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക ഉപദേശവും പിന്തുണയും നൽകുന്നതിനുള്ള നോഡൽ വകുപ്പായി DAE യെയാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്;

പോലീസ്, സുരക്ഷാ ഏജൻസികൾ, സംസ്ഥാന ദുരന്തപ്രതികരണ സേന, ദേശിയ ദുരന്തപ്രതികരണ സേന പ്രതികരണ പ്രവർത്തങ്ങൾ നടത്തേണ്ട ഏജൻസികൾ. പൊതുസഞ്ചയത്തിൽ റേഡിയോ ആക്ടീവ് വസ്തുക്കളുടെ സാന്നിധ്യം മൂലം ഉണ്ടാകുന്ന സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട പൊതു ഉദ്യോഗസ്ഥർക്ക് വ്യാപകമായി

പ്രചരിപ്പിക്കേണ്ടതിൻ്റെ ആവശ്യകത അനിവാര്യമാണ്. ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് , വിമാനത്താവളങ്ങൾ/തുറമുഖങ്ങൾ/റെയിൽവെയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ, പൊതുജനാരോഗ്യ പരിപാലന ദാതാക്കൾ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ, അഡ്മിനിസ്ട്രേഷനിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപയോഗപ്പെടുന്ന രീതിയിലാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ.

**2. വിഭാവനം ചെയ്ത രംഗങ്ങൾ**

പൊതുസഞ്ചയത്തിൽ റേഡിയോ ആക്റ്റിവിറ്റിയുടെ അനധികൃത / അനഭിലഷണീയമായ സാന്നിധ്യം പ്രതീക്ഷിക്കാവുന്ന/സംശയിക്കാവുന്ന ചില സാധാരണ സാഹചര്യങ്ങൾ താഴെ കൊടുക്കുന്നു.

2.1 റേഡിയോ ആക്ടീവ് വസ്തുക്കളുടെ ഗതാഗത സമയത്ത് ഉണ്ടാകുന്ന അപകടം.

2.2 സംഭരണ സമയത്തോ /ഗതാഗത സമയത്തോ റേഡിയോ ആക്ടീവ് വസ്തുക്കൾ ഉൾപ്പെടുന്ന തീപിടുത്തം.

2.3 എയർ പോർട്ടുകൾ / തുറമുഖങ്ങൾ / റെയിൽവേ / റോഡ് വേ / വെയർഹൗസുകളിൽ ക്ലെയിം ചെയ്യപ്പെടാത്ത അല്ലെങ്കിൽ കാലാവധി കഴിഞ്ഞ റേഡിയോ ആക്ടീവ് ചരക്കുകൾ.

2.4 ആശുപത്രി, വ്യാവസായിക കേന്ദ്രങ്ങൾ, താൽക്കാലിക സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള റേഡിയോ ആക്ടീവ് വസ്തുക്കളുടെ മോഷണം/നഷ്ടം.

2.5 'റേഡിയേഷൻ ചിഹ്നം' ഉള്ള ഒരു കണ്ടെയ്നറിൻ്റെ സാന്നിധ്യം, സ്ക്രാപ്പ് യാർഡ് അല്ലെങ്കിൽ മാലിന്യക്കൂമ്പാരം പോലെയുള്ള പൊതുസ്ഥലത്ത് ഉപേക്ഷിച്ചിരിക്കുന്ന സാഹചര്യം.

2.6 റേഡിയേഷൻ ചിഹ്നം പ്രദർശിപ്പിക്കുന്ന സീൽ ചെയ്ത കണ്ടെയ്നറുകളിൽ നിരോധിത വസ്തുക്കൾ കൊണ്ടുപോകുന്നതായി സംശയിക്കപ്പെടുന്ന കള്ളക്കടത്ത്.

2.7 റേഡിയോ ആക്റ്റീവ് മെറ്റീരിയലുകളുടെ അനധികൃത കൈവശം/വിൽപന/ലേലം/പുനഃചംക്രമണം എന്നിവ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം.

2.8 സംശയാസ്പദമായ സാഹചര്യത്തിൽ റേഡിയോ ആക്ടീവ് വസ്തുക്കൾ കണ്ടെത്തുന്ന സാഹചര്യം

2.9 പൊതു ഇടങ്ങളിലോ പൊതു യൂട്ടിലിറ്റികളിലോ സംശയാസ്പദമായ സാഹചര്യത്തിൽ റേഡിയോ ആക്ടീവ് മെറ്റീരിയൽ സ്ഥാപിക്കൽ / സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുകയോ സംശയിക്കുകയോ ചെയ്യുന്ന സാഹചര്യം

2.10 റേഡിയോ ആക്ടീവ് വസ്തുക്കളുടെ ഗതാഗത സമയത്ത് ഭീഷണികൾ ഉൾപ്പെടെയുള്ള സംശയാസ്പദമായ സംഭവങ്ങൾ.

2.11 സംശയിക്കപ്പെടുന്ന റേഡിയേഷൻ പ്രേരിതമായ പരിക്കുകളുടെ റിപ്പോർട്ടുകൾ അല്ലെങ്കിൽ വ്യക്തികൾക്ക് റേഡിയേഷൻ എക്സ്പോഷറിൻ്റെ ലക്ഷണങ്ങൾ കാണിക്കുന്ന സാഹചര്യങ്ങൾ.

2.12 പൊതുജനങ്ങൾക്ക് റേഡിയേഷൻ അപകടമുണ്ടാക്കുന്ന മറ്റേതെങ്കിലും സംഭവങ്ങൾ.

**3. റേഡിയോ ആക്റ്റീവ് എമർജൻസി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ**

ഇത്തരത്തിലുള്ള എമർജൻസി സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, വിമാനത്താവളം അല്ലെങ്കിൽ തുറമുഖം, ആശുപത്രി തുടങ്ങിയ സൗകര്യങ്ങളുടെ ചുമതലയുള്ള ഓഫീസർ എന്നിവരായിരിക്കും റെസ്പോണ്സിബിൾ ഉദ്യോഗസ്ഥർ.

3.1 റേഡിയോ ആക്റ്റീവ് എമർജൻസി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പോലീസിനെയും ഫയർ സർവീസിനെയും അറിയിക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്.

3.2 തുടർന്ന് DAE എമർജൻസി കൺട്രോൾ റൂമിലേക്ക് (DAE-ECR) വിവരങ്ങൾ അറിയിക്കുക.

3.3 പരിക്കേറ്റ വ്യക്തികളെ, അടിയന്തിര വൈദ്യ സഹായം ആവശ്യമുള്ള ആൾക്കാരെ ഉടൻ തന്നെ അടുത്തുള്ള ആശുപത്രികളിലേക്ക് മാറ്റുക.

3.4 ദുരന്തത്തിന്റെ വ്യാപ്തിക്കനുസരിച്ചു ആവശ്യമെങ്കിൽ റേഡിയേഷൻ പരിക്കേറ്റ വ്യക്തികളുടെ ചികിത്സ സംബന്ധിച്ച് മെഡിക്കൽ ബോർഡ് രൂപീകരിക്കുക.

3.5 TREM കാർഡിൽ (ട്രാൻസ്‌പോർട്ട് എമർജൻസി കാർഡ്) വിവരിച്ചിരിക്കുന്ന തുടർ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക

3.6 റേഡിയോ ആക്ടീവ് എമർജൻസി ഉള്ള സ്ഥലങ്ങളിൽ ആവശ്യമായ സുരക്ഷ ക്രമീകരിക്കുക.

3.7 ലോ ആൻഡ് ഓർഡർ ഉറപ്പാക്കുക

3.8 DAE സംഘത്തിന് ആവശ്യമായ വിവരങ്ങൾ കൈമാറുക

3.9 DAE യുടെ വിദഗ്ദരുടെ സാങ്കേതിക ഉപദേശം അനുസരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുക.

3.10 മീഡിയ ബ്രീഫിംഗ് , പ്രസ് റിലീസ് എന്നിവ ഉറപ്പാക്കുക

************************************

അനുബന്ധം എ

## ഒരു സാധാരണ TREM കാർഡിൻ്റെ ഉള്ളടക്കം

## ട്രെംകാർഡ്

| | | |
|---|---|---|
| കാർഗോ | | റേഡിയോ ആക്ടീവ് മെറ്റീരിയൽ |
| അപകടത്തിൻ്റെ സ്വഭാവം | | റേഡിയോ ആക്ടീവ് മെറ്റീരിയലിന്റെ സ്വഭാവം, അപകട സാധ്യത |
| വാഹനത്തിൽ സുരക്ഷ മുൻകരുതലുകൾക്കായുള്ള ഉള്ള സൗകര്യങ്ങൾ | | വാഹനത്തിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് സംരക്ഷണ വസ്ത്രങ്ങൾ (ബൂട്ട്, ഗ്ലൗസ്, ഓവറാലിസ്, ക്യാപ്പ്) എണ്ണം വലിയ പോളിത്തീൻ ബാഗുകൾ (Min :6 ) എന്നിവ കരുതുക |
| എമർജൻസി ഉണ്ടാകുകയാണെങ്കിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടികൾ | | പാക്കേജ് ദൃശ്യപരമായി പരിശോധിക്കുക. കേടുകൂടാതെയിരിക്കുകയാണെങ്കിൽ, അതേ വാഹനത്തിലോ മറ്റേതെങ്കിലും വാഹനത്തിലോ മുന്നോട്ടുള്ള യാത്ര ഉറപ്പാക്കുക<br><br>തീപിടിത്തമുണ്ടായാൽ ഉടൻ തന്നെ സംഭവസ്ഥലത്തു നിന്ന് അകലം പാലിക്കുക<br><br>പാക്കേജിന് കേടുപാടുകൾ സംഭവിച്ചതായി തോന്നുന്നുവെങ്കിൽ, പാക്കേജിന് ചുറ്റും 3 മീറ്റർ അകലം പാലിക്കുക<br><br>വികിരണത്തിന് വിധേയരായ വ്യക്തികളുടെ പേരും വിലാസവും നേടുകയും വിശദാംശങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക. |
| പ്രാഥമിക ശുശ്രൂക്ഷ | | ശരീരത്തിൽ എവിടെയെങ്കിലും സമ്പർക്കം ഉണ്ടായെങ്കിൽ ആ ഭാഗം ധാരാളം വെള്ളം ഉപയോഗിച്ച് നന്നായി കഴുകുക |
| ഉപദേശത്തിനും സഹായത്തിനും ടെലിഫോൺ നമ്പറുകളിൽ ബന്ധപ്പെടുക | | a) പാക്കേജിൽ നൽകിയിരിക്കുന്ന വിലാസത്തിൽ വിതരണക്കാരനുമായി ബന്ധപ്പെടുക<br><br>ബി) എമർജൻസി കൺട്രോൾ ഫ്ലോർൺ. ക്രൈസിസ് മാനേജ്മെൻ്റ് ഗ്രൂപ്പ്. ഡിഎഇ, മുംബൈ-400 001<br>ടി.എഫ്. 022-2202 3978<br>Tekfax-022-22021714<br>ഫാക്സ് 022-22830441<br>മൊബൈൽ: +919909201364<br>ഇമെയിൽ-daeecr@dae.gov.in<br>ഇതര CMG-DAE എമർജൻസി കൺട്രോൾറൂം (ECR) സ്ഥിതി ചെയ്യുന്നത്<br>022-2599 1070<br>ഫാക്സ് 022-25991080/022-25993080<br>Telefax-022-25515283" Mobile-+919969201365 Email-vsbecr@mpcil.co.in |

അനുബന്ധം ബി

ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജിയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ - മുമ്പാലിലെ

എമർജൻസി കൺട്രോൾ റൂമുകൾ (DAE-ECR)

| DAE എമർജൻസി കൺട്രോൾ റൂം | | | |
|---|---|---|---|
| | ഫോൺ | ഫാക്സ് | ഇ-മെയിൽ |
| അനുശക്തി ഭവൻ, C.S.M മാർഗ്, മുംബൈ PIN 400001 (24X7 പ്രവർത്തനക്ഷമമാണ്) | 022-22023978<br>022-22021714<br>09969201364 | 022-22830441 | daeecr@dae.gov.in |
| ഇതര DAE എമർജൻസി കൺട്രോൾ റൂം | | | |
| വിഎസ് ഭവൻ അനുഷത്കി നഗർ, മുംബൈ പിൻ 400094 (24X7 പ്രവർത്തനക്ഷമമാണ്) | 022-25991070<br>022-25991071<br>09969201365 | 022-2599 1080<br>022-2559 3080<br>022-2551 5283 | vsbecr@npcil.co.in |